I ഇ.ബി. XIV - കേരള നിയമസഭ /X-2

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും ബാനർ ഉയർത്തിപ്പിടിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 9.25-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയുടെ അനുമതിയോടുകൂടി ചട്ടങ്ങൾ സസ്പെന്റ് ചെയ്തുകൊണ്ട് കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് കടന്നു.)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2301,694,2469 എന്നീ ചോദ്യങ്ങളുടെ

തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5-2-2018-ലെ നക്ഷത്ര ചിഹ്നമിടാത്ത 2301-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 24-1-2018-ലെ നക്ഷത്രചിഹ്നമിടാത്ത 694-ാം നമ്പർ ചോദ്യത്തിനും 5-2-2018-ലെ നക്ഷത്ര ചിഹ്നമിടാത്ത 2469-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(അടിയന്തര പ്രമേയം അനുവദിച്ചില്ല.)

## II. ശ്രദ്ധക്ഷണിക്കൽ

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. ജോൺ ഫെർണാണ്ടസ് : കടൽക്ഷോഭത്തിന്റെ ഫലമായി തീരപ്രദേശം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കടൽഭിത്തി കെട്ടിയും പുലിമുട്ട്

നിർമ്മിച്ചും കേരളത്തിലെ 590 കി.മീറ്റർ ദൈർഘ്യമുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ നിന്ന് അതിനാവശ്യമായ ഫണ്ട് നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. തീരപ്രദേശം സംരക്ഷിക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്കു വഹിക്കുന്ന മത്സ്യബന്ധനമേഖല മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലും അമിത ചൂഷണവും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം പ്രതിസന്ധി നേരിടുകയാണ്. കടൽ മത്സ്യത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും ഉയർത്തിക്കൊണ്ടുവരേണ്ടതും കടലും കടൽത്തീരവും കടലിന്റെ മക്കൾക്ക് ഉറപ്പാക്കുന്ന നിയമ നിർമ്മാണം നടത്തേണ്ടതും ഈ മേഖലയുടെ ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിനായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2018-19 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അനുയോജ്യമായ

സ്ഥാപനങ്ങളെ കണ്ടെത്തി അവരുടെ സഹകരണത്തോടെ സമഗ്ര പാക്കേജ് (DPR) തയ്യാറാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ ഭൂരാഹിത്യവും സുരക്ഷിതമായ വാസസ്ഥലത്തിന്റെ അഭാവവും പരിഹരിക്കുന്നതോടൊപ്പം വിദ്യാഭ്യാസത്തിലൂടെ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കാൻ കഴിയുന്ന പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എല്ലാ തീരദേശ ജില്ലകളിലും സമഗ്ര തീരസുരക്ഷ നടപ്പാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കാനും മത്സ്യത്തൊഴിലാളികളെക്കൂടി പങ്കാളികളാക്കി എല്ലാ മത്സ്യഗ്രാമങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ പോലീസ് സംവിധാനം 24 തീരദേശ പോലീസ് സ്റ്റേഷനുകളിലൂടെ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും കർശനമായി നടപ്പാക്കുകയും ജീവൻരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കുകയും ചെയ്തുവരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം കൈമാറാൻ ഉതകുന്ന നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും റേഡിയോ ബീക്കൺ (EPIRB) പോലുള്ള ഉപകരണങ്ങൾ എല്ലാ

മത്സ്യബന്ധനയാനങ്ങളിലും ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. തീരസുരക്ഷയുടെ ഭാഗമായി മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. കടലിലും തീരത്തും ഉണ്ടാകുന്ന താപവ്യതിയാനം, സമുദ്രോപരിതലത്തിന്റെ അവസ്ഥ, മത്സ്യലഭ്യത എന്നീ വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കടലിൽ വച്ച് അപകടത്തിൽപ്പെടുന്നവരെ സുരക്ഷിതമായി കരയ്ക്കെത്തിച്ച് ചികിത്സ നല്കുന്നതിന് കൊച്ചി കപ്പൽശാല മറൈൻ ആംബുലൻസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## III. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും എന്ന XI - ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും എന്ന XI- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു.

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും എന്ന V- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും എന്ന V- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) <u>2018-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2018-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2018-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :2018-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 9.37-ന് പിരിഞ്ഞു.